FRIDAY വെള്ളിയാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU


Agriculture Development and Farmer's Welfare Department
GOVERNMENT OF KERALA



Chief Editor : ASA S KUMAR Editor : Dr BINU HARRIET IVAN

Farm Information Bureau, Kowdiar, Thiruvananthapuram – 695003
Website : fibkerala.gov.in; E-mail : piofibvm@gmail.com,
fibnewstvm@gmail.com
Telephone : 0471 – 2318186, 2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)–29/09/2023.

1. കേരള ജനതയുടെ ആരോഗ്യ സംരക്ഷണം ഉറപ്പാക്കുന്ന രീതിയിൽ കേരളത്തിലെ കാർഷിക മേഖലയെ സമയബന്ധിതമായി കൂടുതൽ ഫലപ്രദവും ചലനാത്മകവുമാക്കുന്നതിനും ഉൽപാദനം, വിപണനം, മൂല്യ വർദ്ധനവ്, ആരോഗ്യം എന്നീ മേഖലകൾ സമഗ്രമായി സംയോജിപ്പിച്ചുകൊണ്ട് കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനുമായി ക്യാമ്പയിൻ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാർ കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ **പോഷക സമൃദ്ധി മിഷൻ** രൂപീകൃതമായിരിക്കുന്നു .പച്ചക്കറി,പയർ വർഗ്ഗങ്ങൾ, ചെറുധാന്യങ്ങൾ എന്നിവയുടെ ആവശ്യ അളവിലുള്ള ഉപയോഗത്തിലൂടെ ജനങ്ങളുടെ ആരോഗ്യ സംരക്ഷണം ഉറപ്പാക്കുക. പച്ചക്കറി ഉൽപാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുക. പോഷക പ്രാധാന്യമുള്ള ചെറുധാന്യങ്ങൾ ഉൾപ്പെടെയുള്ള വിളകളുടെ ഉത്പാദനവും ഉപയോഗവും വ്യാപകമാക്കുക.പയറുവർഗ്ഗങ്ങൾ, പഴവർഗ്ഗങ്ങൾ എന്നിവയുടെ ഉത്പാദനം ആരോഗ്യ സൂചികക്ക് അനുസൃതമായി വർദ്ധിപ്പിക്കുക. കൂൺ കൃഷിയും കൂൺ അടിസ്ഥാനമാക്കിയ സംരംഭങ്ങളും പ്രോത്സാഹിപ്പിക്കുക. ഉത്തമ കൃഷി രീതികളിലൂടെയും ജൈവകൃഷി രീതികളിലൂടെയും സുരക്ഷിതവും ഗുണമേന്മയുള്ളതുമായ ഉൽപ്പന്നങ്ങൾ ലഭ്യമാക്കുക. ഉൽപാദനം, വിപണനം, മൂല്യ വർദ്ധനവ് എന്നീ മേഖലകളിൽ ലഭ്യമായ സാങ്കേതികവിദ്യകൾ ഫലപ്രദമായി ഉപയോഗിച്ച് കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുക. പോഷക ഭക്ഷണങ്ങൾക്ക് പ്രാമുഖ്യം നൽകി ജീവിതശൈലി രോഗങ്ങളിൽ നിന്നും വിമുക്തി നേടുവാൻ ജനങ്ങളെ പ്രേരിപ്പിക്കുക. എന്നിവയാണ് മിഷന്റെ പ്രധാന ലക്ഷ്യങ്ങൾ

2. വെള്ളാനിക്കര കാർഷിക കോളേജിലെ ഫലവർഗ്ഗ വിള ഗവേഷണ കേന്ദ്രത്തിൽ മാവ്, പ്ലാവ്, കവുങ്ങ്, നാരകം, പാഷൻഫ്രൂട്ട്, അരിനെല്ലി, ആത്തച്ചക്ക, കറിവേപ്പ്, കുരുമുളക്, കുടംപുളി, പേര തൈ എന്നീ മുന്തിയ ഇനം ഫവലൃക്ഷങ്ങളുടെയും പച്ചക്കറികളുടെയും നടീൽ വസ്തുക്കളും ട്രൈക്കോഡെർമ സമ്പുഷ്ടീകരിച്ച ആട്ടിൻകാഷ്ഠവളം, മണ്ണിര കമ്പോസ്റ്റ്, ജൈവവളങ്ങളും വിൽപ്പനയ്ക്ക് തയ്യാറായിട്ടുണ്ട്. ആവശ്യമുള്ളവർ 8547760030 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക.

3. നാളികേര വികസന ബോർഡിന്റെ കീഴിൽ ആലുവ വാഴക്കുളത്ത് പ്രവർത്തിക്കുന്ന സി.ഡി.ബി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിൽ നാളികേരാധിഷ്ഠിത ഉൽപന്നങ്ങളുടെ ഒരുദിവസം മുതൽ നാല് ദിവസം വരെ ദൈർഘ്യമുള്ള പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നു. നാളികേര ചിപ്സ്, കുക്കീസ്,

ചോക്ലേറ്റ്, സ്ക്വാഷ്, ചമ്മന്തിപ്പൊടി, അച്ചാർ, ബർഫി എന്നിങ്ങനെ വിവിധ ഉത്പന്നങ്ങളാണ് പരിശീലന പരിപാടിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. വിനാഗിരി, നാറ്റാ ഡി കൊക്കോ എന്നിവയ്ക്ക് ഏക ദിന പരിശീലനം ലഭ്യമാണ്., തെങ്ങിൻ പൊങ്ങിൽ നിന്നുള്ള ഉത്പന്നങ്ങൾ, നാളികേര ഐസ്ക്രീം എന്നിങ്ങനെ നാളികേര അധിഷ്ഠിത ഉത്പന്നങ്ങളുടെ ടെക്നോളജി താല്പര്യമുള്ളവർക്ക് എടുക്കാവുന്നതാണ് . പരിശീലന ക്ലാസിന്റെ രജിസ്ട്രേഷൻ, ടെക്നോളജി ട്രാൻസ്ഫറിന്റെ വിവരങ്ങൾ, ഫീസ് എന്നീ വിവരങ്ങൾക്ക് 0484-2679680 എന്ന നമ്പറിൽ തിങ്കൾ - വെള്ളി ദിവസങ്ങളിൽ രാവിലെ 9 മണി മുതൽ 5 മണിക്കുള്ളിൽ ബന്ധപ്പെടാവുന്നതാണ്. cit-aluva@coconutboard.gov.in എന്ന ഇമെയിലിലും ബന്ധപ്പെടാവുന്നതാണ്.

4. പനമരം ബ്ലോക്ക് പഞ്ചായത്ത് 2023-24 വർഷം നടപ്പിലാക്കുന്ന ഗോ ജീവ സുരക്ഷാ (സഞ്ചരിക്കുന്ന മൃഗാശുപത്രി) പദ്ധതിയുടെ സേവനം ഇന്നു മുതൽ സെപ്റ്റംബർ 30 ശനി വരെയുള്ള ദിവസങ്ങളിൽ പൂതാടി ഗ്രാമപഞ്ചായത്തിലെ ക്ഷീര കർഷകർക്ക് ലഭ്യമായിരിക്കും. പ്രവൃത്തി സമയം - രാവിലെ 10 മുതൽ വൈകിട്ട് 05 വരെ. സേവനം ആവശ്യമുള്ള കർഷകർക്ക് ക്ഷീരസംഘങ്ങൾ മുഖേനെയോ, നേരിട്ടോ ഡ്യൂട്ടി ഡോക്ടറുമായി **9074583866** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടാവുന്നതാണ്.

5. തിരുവനന്തപുരം പാളയത്തെ സിറ്റി കോർപ്പറേഷൻ കൃഷി ഭവനിൽ WCT ഇനത്തിൽപ്പെട്ട തെങ്ങിൻ തൈകൾ 50 രൂപ നിരക്കിൽ ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് 6282904245 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

6. തിരുവനന്തപുരം ജില്ലയിലെ പാറശ്ശാല സർക്കാർ ആട് വളർത്തൽ കേന്ദ്രത്തിലെ 2023- 24 വർഷത്തെ ഫല വൃക്ഷങ്ങളുടെ ആദായം എടുക്കുന്നതിനുള്ള ലേലം നാളെ (30.09.2023) രാവിലെ 11.30 മണിക്ക് പാറശ്ശാല സർക്കാർ ആടു വളർത്തൽ കേന്ദ്രം മേലേക്കോണം പരശുവയ്ക്കൽ അങ്കണത്തിൽ വച്ച് നടക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് 0471 2202822, 9446592483 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടുക

**പരിശീലന പരിപാടി**

7 കേരള കാർഷിക സർവ്വകലാശാല ഇ-പഠന കേന്ദ്രം **"ഹൈടെക് കൃഷി"** വിഷയത്തിൽ തയ്യാറാക്കിയ മാസ്സിവ് ഓപ്പൺ ഓൺലൈൻ കോഴ്സിലേക്കുള്ള പുതിയ ബാച്ച് 2023 ഒക്ടോബർ 03 ന് ആരംഭിക്കുന്നു. താൽപ്പര്യമുള്ളവർ 2023 ഒക്ടോബർ 02 നകം കോഴ്സിൽ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

25 ദിവസം ദൈർഘ്യമുള്ള കോഴ്സ് മലയാളത്തിലാണ് പരിശീലിപ്പിക്കുന്നത്. www.celkau.in/MOOC/Default.aspx എന്ന ലിങ്കിൽ ക്ലിക്ക് ചെയ്ത് മാസ്സിവ് ഓപ്പൺ ഓൺലൈൻ കോഴ്സിൽ രജിസ്റ്റർ ചെയ്ത് ഒക്ടോബർ 03 മുതൽ 'പ്രവേശനം' എന്ന ബട്ടൺ ക്ലിക്ക് ചെയ്ത് യൂസർ ഐ ഡി യും പാസ്സ്‌വേർഡും ഉപയോഗിച്ച് ക്ലാസ്സുകളിൽ പങ്കെടുക്കാവുന്നതാണ്.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം